ഒന്നാണ്. അതിനുള്ള നടപടികളും ആരംഭിച്ചിട്ടുമുണ്ട്. ബഡ്ജറ്റു പാസായി കുറെനാളായിട്ടും അതു നടപ്പിലാക്കിയില്ലെന്നുള്ള കാര്യം സംബന്ധിച്ച്. ഇപ്പോഴും അൽപ്പദിവസങ്ങൾക്കുമുൻപുമാത്രം അധികാരമേറ്റ ഈ മന്ത്രിസഭയെ കുറ്റപ്പെടുത്തുന്നതു വാസ്തവത്തിൽ ഖേദകരമാണ്. മുൻപുള്ളവർക്ക് അതു വേഗത്തിൽ ചെയ്യാൻ സാധിക്കേണ്ടതായിരുന്നു. പക്ഷെ തീർച്ചയായും ഗവൺമെൻറ് സഹകരണവിഭാഗത്തിൽ കൃഷിക്കാർക്ക് ഇൻറെറസ്റ്റ് സബ്സിഡി നൽകാൻ അടിയന്തിരമായി നടപടി സ്വീകരിക്കുന്നതായിരിക്കും എന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പു നൽകുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിൻെറ അടിസ്ഥാനത്തിലും സഭാനടപടികളും നിർത്തിവച്ച് ചർച്ചചെയ്യണമെന്നു ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെടാത്തതിൻെറ അടിസ്ഥാനത്തിലും അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

III. ശ്രദ്ധക്ഷണിക്കൽ

കൊച്ചിവിമാനത്താവളത്തിൻെറ വികസനം

ശ്രീ. ടി. എം. ജേക്കബ്: സർ, ''അറബിക്കടലിലെ റാണി'' എന്നാണ് കൊച്ചി തുറമുഖത്തേയും കൊച്ചിപട്ടണത്തേയും അറിയപ്പെടുന്നത്. ആ റാണിയുടെ നെറ്റിയിൽ ചാർത്തിയിരുന്ന ഒരു തിലകക്കുറിയാണ് കൊച്ചി വിമാനത്താവളം. അത് ഇന്ന് നമ്മുടെ സിവിൽ-ഏവിയേഷൻ ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥൻമാരും ഇൻഡ്യൻ എയർലൈൻസിലെ സാങ്കേതിക വിദഗ്ധൻമാരും കൂടി വികൃതമാക്കിയിരിക്കുന്ന ദയനീയമായ കാഴ്ച കണ്ടതുകൊണ്ടാണ് വളരെ പ്രാധാന്യമർഹിക്കുന്ന ഈ പ്രശ്നം അങ്ങയുടെയും ഈ സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവന്നത്. കൊച്ചിയിൽ സൂപ്പർ ടാങ്കർബർത്ത് വരുമെന്നുള്ള പ്രതീക്ഷകളുണ്ടായിരുന്നു. അത് ഒരു ദിവസം അസ്ഥാനത്തായിരിക്കുകയാണ്. കേന്ദ്രഗവൺമെൻറ് കേരളത്തോട് എല്ലാകാര്യങ്ങളിലും പുലർത്തിപ്പോരുന്ന അവഗണനാമനോഭാവം ഇന്ന് ഈ വിമാനത്താവളത്തിൻെറ വികസനകാര്യത്തിലും കാണിച്ചിരിക്കുകയാണ്, കോഴിക്കോട്ട് ഒരു വിമാനത്താവളം വേണമെന്നാവശ്യപ്പെട്ടു. കൊച്ചിവിമാനത്താവളം വികസിപ്പിക്കണമെന്നാവശ്യപ്പെട്ടു. നമ്മുടെ ഈ ആവശ്യങ്ങളെല്ലാം വനരോദനങ്ങളായി മാറുന്ന ദയനീയമായ കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. കൊച്ചിവിമാനത്താവളത്തിൻെറ വികസനം ഇന്ന് പൂർത്തിയാകും, നാളെ പൂർത്തിയാകും എന്ന് പറയാൻ തുടങ്ങിയിട്ട് വർഷങ്ങളും പലതായി. ഇതിലേക്കുവേണ്ടി റൺവേ വികസിപ്പിക്കുവാൻ ഒന്നരക്കോടി രൂപയോളം ചെലവാക്കി. ഒന്നരക്കോടി രൂപ ചെലവാക്കി പരിശോധന പൂർത്തിയാക്കി ഒക്ടോബർമാസം 22-ാം തീയതി ഇതിൻെറ പരീക്ഷണപ്പറക്കൽ നടക്കുമെന്നും കേരളപ്പിറവിദിനമായ നവംബർ 1-ാം തീയതി കേരളത്തിന് പുത്തൻസമ്മാനമായി കൊച്ചി–ബോംബെ വിമാന സർവ്വീസ് ആരംഭിക്കുമെന്നും പറഞ്ഞു. എന്നാൽ ഇന്ന് നമ്മുടെ ഉന്നതൻമാരായ ഉദ്യോഗസ്ഥൻമാർ പറഞ്ഞിരിക്കുന്ന കാരണം എന്താണെന്ന് ചോദിച്ചാൽ കൊച്ചിൻഷിപ്പ്യാർഡിൽ ഉയർന്നിരിക്കുന്ന കൂറ്റൻ ക്രെയിൻ കാരണം അവിടെ വിമാനം ഇറക്കുവാൻ സാധിക്കുകയില്ലായെന്നാണ്. കേരളത്തിലെ മുഴുവൻ ജനങ്ങളേയും ഇപ്രകാരം പറഞ്ഞു വിഡ്ഢികളാക്കുവാൻ ശ്രമിക്കുമ്പോൾ അതിനെതിരായി നമ്മൾ പ്രതിഷേധസ്വരം ഉയർത്തിയില്ലെങ്കിൽ നമുക്കൊരിക്കലും നീതി ലഭിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

സാന്താക്രൂസ് വിമാനത്താവളത്തിൽ 50 മീറ്ററിനുള്ളിൽ മൂന്നും നാലും നിലകൾ ഉയരമുള്ള കെട്ടിടങ്ങളുണ്ട്. ഹോങ്കോങ്ങ്, സിംഗപ്പൂർ തുടങ്ങിയ തുറമുഖ പട്ടണങ്ങളിൽ അന്താരാഷ്ട്ര വിമാനത്താവളങ്ങളുണ്ട്. അവിടെയൊന്നും ഈ പ്രശ്നം ബാധകമല്ല. കേരളത്തിന്റെ പ്രശ്നം വരുമ്പോൾ, കൊച്ചി വിമാനത്താവളം വികസിപ്പിക്കണം എന്നു പറയുമ്പോൾ, ഇവിടെ കൂടുതൽ വിമാന സർവ്വീസ് ആരംഭിക്കണമെന്ന് പറയുമ്പോൾ ഇത്തരത്തിലുള്ള സാങ്കേതികമായ കാരണങ്ങൾ പറഞ്ഞുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ ക്രൂരമായി അവഗണിച്ചു കൊണ്ടിരിക്കുകയാണ്.

മദ്ധ്യ തിരുവിതാംകൂറിലെ ആളുകൾക്ക് ഗൾഫിലേക്ക് പോകാനുള്ള ഏകസങ്കേതമായിട്ടുള്ളത് കൊച്ചി വിമാനത്താവളം മാത്രമാണ്. ആ നിലയ്ക്ക് കൊച്ചി വിമാനത്താവളത്തിന്റെ വികസനം ഏകദേശം പൂർത്തിയാവുകയും റൺവേ വികസിപ്പിച്ചു കഴിഞ്ഞിരിക്കുകയുമാണ്. 1979 ജനുവരിമാസം 1-ാം തീയതി ഇതിന്റെ പണിപൂർത്തിയാകുമെന്ന് പറഞ്ഞു. പിന്നീട് ഏപ്രിൽ മാസത്തിൽ പൂർത്തിയാകുമെന്ന് പറഞ്ഞു. അവസാനം ഒക്ടോബർമാസത്തിൽ പൂർത്തിയാകുമെന്ന് പറഞ്ഞു. അതും കഴിഞ്ഞ് നവംബർ മാസം 1-ാം തീയതിയെന്ന് പറഞ്ഞുകൊണ്ട് തീയതിയും പ്രഖ്യാപിച്ചു. അത് കഴിഞ്ഞതിനുശേഷം ഇല്ലായെന്നു പറയുമ്പോൾ സ്വാഭാവികമായും നമ്മോടുകാണിക്കുന്ന അവഗണനയുടെ മറ്റൊരു പര്യായമായി മാത്രമേ കാണാൻകഴിയുക ഉള്ളൂ. ആ നിലയ്ക്കു ഈ സഭയ്ക്കുള്ള പ്രതിഷേധം രേഖപ്പെടുത്തുകയും റൺവേയുടെ വികസനം പൂർണ്ണമായിരിക്കുന്ന സാഹചര്യത്തിൽ എത്രയും പെട്ടെന്ന് കേരളത്തിന്റെ വികസനത്തിന് സുപ്രധാനമായ നാഴികക്കല്ലായി മാറേണ്ട ഈ വിമാനസർവ്വീസ് ആരംഭിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തോട് കാണിക്കുന്ന അവഗണനയ്ക്കു എതിരെ ശബ്ദമുയർത്തുകയും പരിഹാരമുണ്ടാക്കുകയും ചെയ്യണം എന്നുള്ള അഭ്യർത്ഥന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുമ്പിൽ വയ്ക്കുകയാണ്.

മന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ): കൊച്ചിൻ എയർപോർട്ട് നേവൽ എയർപോർട്ടായിട്ടാണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. കേരളത്തിന്റെ വിമാനയാത്രക്കാരുടെ ആധിക്യത്തെത്തുടർന്ന് ഇവിടെ ബോയിംഗ് വിമാനം വരണമെന്നും അതിനുള്ള സൗകര്യം ഉണ്ടാക്കണമെന്നും നമ്മുടെ സംസ്ഥാനഗവൺമെന്റ് കേന്ദ്രഗവൺമെന്റിനോട് ശുപാർശചെയ്യാൻ തുടങ്ങിയിട്ട് നാളുകൾ പലതുകഴിഞ്ഞു. ഇതിലേക്ക് നമ്മുടെ ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന്റെ മുമ്പിൽ നിരവധി പ്രാവശ്യം സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. അതിന്റെ ഫലമായി ബോയിംഗ് വിമാനത്തിന് ഇറങ്ങുവാൻ സാധിക്കത്തക്കവിധം റൺവേ ശക്തിപ്പെടുത്തുവാനും വികസിപ്പിക്കുവാനും വേണ്ടി 70 ലക്ഷത്തോളം രൂപയുടെ എസ്റ്റിമേറ്റ് ഉണ്ടാക്കുകയും അതിന്റെ പ്രവർത്തി ആരംഭിക്കുകയും ചെയ്യുമെന്ന് സിവിൽ ഏവിയേഷൻ ഡിപ്പാർട്ടുമെന്റ് നമ്മുടെ ഗവൺമെന്റിനെ അറിയിക്കുകയുണ്ടായി. ബോയിംഗ് വിമാനത്തിന് ഇറങ്ങുവാനും യാത്രക്കാരെ കൊണ്ടുപോകാനുമുള്ള സൗകര്യങ്ങളെല്ലാം ഏർപ്പാട് ചെയ്തു. ബോയിംഗ് സർവ്വീസ് ആരംഭിക്കണമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ഗവൺമെന്റ് 1979 ഏപ്രിൽ മാസത്തിൽ ഇതിനുവേണ്ട സ്ഥലം ഡിഫൻസ് മിനിസ്റ്ററെ ഏൽപ്പിക്കുകയും അവരുടെ എല്ലാം സമ്മതത്തോടുകൂടി അതിന്റെ പ്രവർത്തി ആരംഭിക്കുവാൻ വേണ്ട നടപടിയെടുക്കാമെന്ന് ഉറപ്പു നൽകുകയും ചെയ്തിട്ടുണ്ട്. 1979 ജൂൺമാസത്തിൽ ടൂറിസം ആൻറ് സിവിൽ ഏവിയേഷൻ മിനിസ്റ്റർ ഈ ഗവൺമെന്റിന് അയച്ചതായ കത്തിൽ ഇപ്രകാരമാണ് പറഞ്ഞിട്ടുള്ളത്,

LIBRARY ARCHIVES Kerala Legislative Assembly

The extension and strengthening of the runway of Cochin Air Port has been completed. The Indian Airlines has plans to introduce Boeing Flights to Cochin from Bombay and also from Cochin to Bombay in this 1979 summer schedule. But this plan had to be put off because of the inadequacy of additional passenger terminal facilities, like taxi parking, etc. It has been sanctioned and likely to be taken up shortly. അതിനുശേഷം 19-10-1979-ന് ഇൻഡ്യൻ എക്സ്പ്രസിൽ വന്ന റിപ്പോർട്ട് എന്താണെന്നു വച്ചാൽ 22-10-1979-ന് 10 മണിക്ക് വിമാനം ഇവിടെവരുമെന്നും തിരിച്ചു മൂന്നുമണിക്ക് ബോംബേയിലേക്ക് പോകുമെന്നും ആയിരുന്നു. അതിനെ ത്തുടർന്ന് ഇൻഡ്യാഗവൺമെൻറിലെ ഉദ്യോഗസ്ഥന്മാരുമായി ബന്ധ പ്പെട്ടു. അപ്പോഴാ അവർ പറഞ്ഞത് രണ്ടാഴ്ചക്കുള്ളിൽ അത് ഏർപ്പെടുത്തു വാൻ സാധിക്കുമെന്നാണ് അറിയിച്ചിരുന്നത്. നിർഭാഗ്യകരമെന്ന് പറയട്ടെ, കേന്ദ്രഗവൺമെൻറ് നൽകിയ വാഗ്ദാനം പാലിക്കുകയുണ്ടായില്ലാ എന്ന കാര്യം ഖേദപൂർവ്വം പറയുകയാണ്. ഈ കാര്യത്തെക്കുറിച്ച് ഇപ്പോഴാ നേരിട്ട് എഴുതിയിട്ടുണ്ട്. താമസം വിനാ അതുണ്ടാകുമെന്നാണ് ഗവൺ മെൻറ് വിശ്വസിക്കുന്നത്.

IV. പ്രസ്താവന

പാറശ്ശാലയിൽ പൊഴിയൂർ-കൊല്ലങ്കോട് പ്രദേശത്ത് പടർന്നുപിടിച്ചിരിക്കുന്ന വയറ്റിളക്കവും ഛർദ്ദിയും സംബന്ധിച്ച് ശ്രീ. എം. സത്യനേശൻ ചെയ്ത പ്രസ്താവന

ശ്രീ. എം. സത്യനേശൻ: സർ, പാറശ്ശാല നിയോജകമണ്ഡലത്തിൽ പ്പെട്ട പൊഴിയൂർ-കൊല്ലങ്കോട് പ്രദേശത്ത് രണ്ടുമൂന്നു ആഴ്ചക്കാലമായി വയറ്റിളക്കവും ഛർദ്ദിയും അതിസാരവും പടർന്നു പിടിച്ചിരിക്കുക യാണ്. അതിന്റെ ഫലമായി രണ്ടാളുകൾ മരണപ്പെടുകയും 150 ഓളം ആളുകൾ ആശുപത്രിയിൽ ചികിൽസയിൽ കഴിയുകയുമാണ്. ഇതേവരെ ഗവൺമെൻറിന്റെ ഭാഗത്തുനിന്നും യാതൊരുവിധ സഹായവും ലഭിച്ചിട്ടില്ല. അതുകൊണ്ട് അടിയന്തിരമായും ഗവൺമെൻറിന്റെ ഭാഗത്തുനിന്നും വേണ്ട ദുരിതാശ്വാസനടപടി കൈക്കൊള്ളണം. ഇതിനെ വേണ്ടെങ്കിൽ പട്ടിണി മരണം എന്നുതന്നെ പറയാം. അതുകൊണ്ട് അവിടെ ഫ്റി റേഷൻ കൊടു ക്കുവാൻ വേണ്ട നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): ഈ കാര്യം ഇപ്പോ ഴാണ് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടത്. ആരോഗ്യവകുപ്പിനെ കൊണ്ട് നടപടിയെടുക്കുവാൻ ഗവൺമെൻറ് ശ്രദ്ധിക്കുന്നതാണ്. ഫ്റീ റേഷനെ സംബന്ധിച്ച് ഇപ്പോഴാ വാഗ്ദാനം നൽകുവാൻ കഴിയുകയില്ല.

V. നിയമനിർമ്മാണകാര്യം

1979-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളുടെ പ്രസംഗം തുടങ്ങുന്ന തിനുമുൻപായി ബഹുമാനപ്പെട്ട അംഗങ്ങളോട് എനിക്ക് ഒരു കാര്യം പറയാ നുണ്ട്. ഈ ബില്ലിന്റെ പൊതുചർച്ചക്ക് 11 മണിക്കൂർ ആണ് നിശ്ചയി ച്ചിട്ടുള്ളത്. ഇന്നലെ 5 മണിക്കൂർ വിനിയോഗിച്ചു കഴിഞ്ഞു. ബാക്കി

LIBRARY ARCHIVES Kerala Legislative Assembly